**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി IV**

**(SUBJECT COMMITTEE IV)**

**വ്യവസായവും ധാതുക്കളും**

**(INDUSTRY AND MINERALS)**

# ആനുകാലിക റിപ്പോർട്ട്

(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM $1^{ST}$ APRIL 2024 TO $31^{ST}$ MARCH 2025)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്

(Presented on $6^{th}$ October 2025)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2025

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IV**
**(SUBJECT COMMITTEE IV)**

**വ്യവസായവും ധാതുക്കളും**
**(INDUSTRY AND MINERALS)**

**ആനുകാലിക റിപ്പോർട്ട്**
(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ)
**(PERIODICAL REPORT FROM 1ST APRIL 2024 TO 31ST MARCH 2025)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 ഒക്ടോബർ 6-ാം തീയതി സമർപ്പിച്ചത്
(Presented on 6th October 2025)

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 16 |

**സബ്ജക്ട് കമ്മിറ്റി IV**

വ്യവസായവും ധാതുക്കളും
(2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u>

ശ്രീ. പി. രാജീവ്,
നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u>

ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. കെ. ബാബു (നെന്മാറ)
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. വി. ശശി
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി
ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

01.4.2024 മുതൽ 31.3.2025 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2023 ഡിസംബർ 7-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം പതിനഞ്ചാം കേരള നിയമസഭയുടെ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV (2023-2026) 2023 ഡിസംബർ 7-ാം തീയതി നിലവിൽ വന്നു. കമ്മിറ്റി 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 7 യോഗങ്ങൾ ചേരുകയുണ്ടായി. 22.05.2024, 02.07.2024, 10.10.2024, 13.02.2025, 18.02.2025, 25.02.2025, 27.02.2025 എന്നീ തീയതികളിലാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. എസ്.ആർ.ഒ -കളുടെ പരിഗണന, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിധിയിൽ വരുന്ന വ്യവസായ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവയുടെ വിവിധ വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ എന്നിവയുടെ പരിഗണന, 2023-24 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണന, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണന, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ഭേദഗതി ബിൽ (ബിൽ നം.221), 2024-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ (ബിൽ നം. 222), 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണന, കേരള

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം യോഗം ചേരുന്നതിനുള്ള വിഷയങ്ങൾ തീരുമാനിക്കൽ , 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന എന്നിവയ്ക്കായാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 77% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III - സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - a) 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്തതും പിന്നീട് സമിതി പരിഗണിച്ചതുമായ ശിപാർശകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2025 സെപ്റ്റംബർ 24-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**പി. രാജീവ്,**

തിരുവനന്തപുരം,

ചെയർപേഴ്സൺ,

2025 ഒക്ടോബർ, 6

സബ്ജക്ട് കമ്മിറ്റി IV.

## റിപ്പോർട്ട്

### അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് 11.03.2024-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2024 ജൂൺ 10-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2023 ഏപ്രിൽ 01 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 02.07.2024-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 2024 ജൂലൈ 08-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 02.07.2024-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2024 ജൂലൈ 08-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് 27.02.2025-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2025 മാർച്ച് 03-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകൾ

റിപ്പോർട്ട് കാലയളവിൽ സമിതി താഴെപ്പറയുന്ന ബില്ലുകൾ പരിഗണിക്കുകയും അവയിന്മേലുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

1) 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ

2) 2024-ലെ കേരള സൂക്ഷ്മ - ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

പ്രസ്തുത ബില്ലുകൾ 10.10.2024-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു . ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ 2024 ഒക്ടോബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചു.

3) The Kerala Industrial Infrastructure Development (Amendment) Bill 2024 13.02.2025-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 2025 മാർച്ച് 12-ാം തീയതി സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

## സമിതി പരിശോധിച്ച കരട് ചട്ടങ്ങൾ/ എസ്.ആർ.ഒ. കൾ

1. 2023-ലെ കേരള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഫെസിലിറ്റേഷൻ കൗൺസിൽ ചട്ടങ്ങൾ (എസ്. ആർ. ഒ. നം. 400/2023) 22.05.2024-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

2. 2023-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ഭേദഗതി ചട്ടങ്ങൾ (എസ്. ആർ. ഒ. നം. 8/2024) 22.05.2024-ലെ യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 13.02.2025-ന ചേർന്ന സമിതി യോഗത്തിൽ 'കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ' പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് പ്രത്യേക പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുവാൻ തീരുമാനിച്ചു.

(1) ആർട്ടിഫിഷ്യൽ ഇന്റലിജൻസും വ്യവസായ മേഖലയും'

(2) പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കൈത്തറി, കശുവണ്ടി എന്നിവയുടെ പുരോഗതിയ്ക്കായി നടപ്പിലാക്കിയ പദ്ധതികൾ.

## അദ്ധ്യായം V

**നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ**

| **ധനാഭ്യർത്ഥന നമ്പർ** | **സാമ്പത്തിക വർഷം** | **വകുപ്പ് / സ്ഥാപനം** | **റിപ്പോർട്ട് സഭയിൽ സമർപ്പിച്ച തീയതി** |
|---|---|---|---|
| 1 | 2 | 3 | 4 |
| XXXVII – വ്യവസായങ്ങൾ | 2020-21<br>2021-22<br>2022-23 | കയർ വികസന വകുപ്പ് | **02-07-2024** |
| | 2021-22 | മൈനിംഗ് & ജിയോളജി വകുപ്പ് | |
| | 2021-22 | കൈത്തറി - യന്ത്രത്തറി വ്യവസായങ്ങൾ | |
| | 2022-23<br>2023-24 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | |
| | 2022-23<br>2023-24 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | |
| | 2023-24 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് | |
| | 2023-24 | കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി | |

| | | | |
|---|---|---|---|
| XXXVII – വ്യവസായങ്ങൾ | 2023-24 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് | 8-10-2024 |
| | 2023-24 | ആസൂത്രണ സാമ്പത്തിക കാര്യ (ബി. പി. ഇ) വകുപ്പ് | |
| | 2022-23<br>2023-24 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | |
| | 2022-23 | വ്യവസായ വാണിജ്യ വകുപ്പ് | |
| | 2022-23 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | |
| | 2022-23<br>2023-24 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | |
| | 2022-23 | കൈത്തറി - യന്ത്രത്തറി വ്യവസായങ്ങൾ | |
| | 2022-23<br>2023-24 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | |
| | 2022-23<br>2023-24 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | |
| | 2022-23 | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് | |
| | 2023-24 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | |
| | 2023-24 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) | |

| | | | |
|---|---|---|---|
| | 2023-24 | കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | |
| | 2023-24 | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) | |
| | 2023-24 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | |
| | 2023-24 | കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് | |
| | 2023-24 | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | |
| XXXVII – വ്യവസായങ്ങൾ | 2023-24 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | **8-10-2024** |
| | 2023-24 | കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (കാപ്പക്സ്) | |
| | 2023-24 | കേരള കരകൗശല വികസന കോർപ്പറേഷൻ | |
| | 2023-24 | കേരള സംസ്ഥാന കരകൗശല അപ്പെക്സ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി) | |
| | 2023-24 | കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | |

| | | | |
|---|---|---|---|
| XXXVII – വ്യവസായങ്ങൾ | 2023-24 | കേരള സംസ്ഥാന പന ഉത്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം) | 8-10-2024 |
| | 2023-24 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | |
| | 2023-24 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | |
| | 2023-24 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | |
| | 2023-24 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) | |
| | 2023-24 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | |
| | 2023-24 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | |
| | 2023-24 | കെൽ - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് | |
| | 2023-24 | ദി കേരള സിറാമിക്സ് ലിമിറ്റഡ് | |
| | 2023-24 | കേരള റബ്ബർ ലിമിറ്റഡ് | |
| | 2023-24 | കയർ വികസന വകുപ്പ് | |

| | | | |
|---|---|---|---|
| XXXVII – വ്യവസായങ്ങൾ | 2019-20 | കയർ വികസന വകുപ്പ് | 18-3-2025 |
| | 2022-23 | കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ) | |
| | 2023-24 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് | |

## അദ്ധ്യായം-VI

**a) 2023-24 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.**

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കുവാൻ അവശേഷിക്കുന്ന ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 55 | 39 | 16 | 16 |

**b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രിക ബഹു. സമിതി ചെയർപേഴ്സൺ സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു.**

**2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്**

(ഫയൽ നം.11441/സബ്.സി,ബി2/2022/ലെജി)

ശിപാർശ

2853-02-001-99 – ഖനന ഭൂഗർഭ വകുപ്പ്

ബഡ്ജറ്റ് വിഹിതം : 17,52,87,000 രൂപ (നോൺ പ്ലാൻ)

ഖനന ഭൂഗർഭ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശമ്പളം , യാത്രാബത്ത, ആഫീസ്

ചെലവുകൾ, മറ്റിനങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ , ഇന്ധനചെലവ്, തുടങ്ങിയ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും, POL ഇനത്തിൽ 2021-22 വർഷത്തിൽ കുടിശ്ശികയുള്ള തുക നൽകേണ്ടതിനാലും മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

മൈനിംഗ് & ജിയോളജി വകുപ്പിൽ 06.12.2022 തീയതിയിലെ ജി.ഒ (ആർ.റ്റി) 8265/2022/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 4,15,000/-രൂപ (നാല് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) അധിക ധനവിനിയോഗാനുമതി (Additional Authorization) ആയി ലഭ്യമാക്കുകയും ആയത് ധനപുന:വിനിയോഗം (Reappropriation) മുഖേന ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(റഫറൻസ് നമ്പർ എ 1/171/2022/വ്യവ തീയതി 30.10.2023)

(വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതിയുടെ 22.05.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

4858-60-190-83 – ബി.എച്ച്.ഇ.എൽ - ഇ.എം.എൽ ഏറ്റെടുക്കുന്നതിലൂടെ രൂപീകൃതമാകുന്ന ലിമിറ്റഡ് കമ്പനിയിലേക്കുള്ള മൂലധനനിക്ഷേപം

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

കാസർഗോഡുള്ള കെൽ-ഇ.എം.എൽ കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിയുടെ പൂർത്തീകരണത്തിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പുവർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിൽ ചെലവ് പരിമിതപ്പെടുത്തേണ്ട

സാഹചര്യത്തിൽ കമ്പനിക്ക് അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി 1/274/2022/വ്യവ തീയതി 31.05.2024)

(വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതിയുടെ 02.07.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കാലതാമസ പത്രിക 02.07.2024-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

## 6858-01-190-96 – കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ ഹ്രസ്വകാല പദ്ധതികളുടെ ആദ്യഘട്ടത്തിന്റെ നടത്തിപ്പിനായി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

## സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പുവർഷം അനുവദിച്ചിട്ടുള്ള വിഹിതത്തിൽ ചെലവ് പരിമിതപ്പെടുത്തേണ്ട സാഹചര്യത്തിൽ കമ്പനിക്ക് അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി 1/274/2022/വ്യവ തീയതി 31.05.2024)

(വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതിയുടെ 02.07.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു . കാലതാമസ പത്രിക 02.07.2024-ന് സഭയിൽ സമർപ്പിച്ചു)

## ശിപാർശ

## 6885-01-190-97- കേരള സംസ്ഥാന വ്യവസായിക എന്റർപ്രൈസസ് ലിമിറ്റഡ് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1,25,00,000 രൂപ (പ്ലാൻ)

2021-22 വർഷത്തിൽ കൊച്ചിൻ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും, കേരള സോപ്പ് ലിമിറ്റഡിന്റെ ആധുനികവത്കരണത്തിനും 5 കോടി രൂപ വകയിരുത്തിയതായും 2 കോടി

രൂപ അനുവദിച്ചതിൽ 1.38 കോടി സർക്കാർ തിരിച്ചെടുത്തതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി മേൽ ശീർഷകത്തിൽ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ 4.38 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

2021-22 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ യൂണിറ്റുകളായ കൊച്ചിൻ ഇന്റർനാഷ്ണൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷന്റെയും കേരള സോപ്പിന്റെയും ആധുനികവൽക്കരണത്തിന് 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും, അതിൽ 2 കോടി രൂപ അനുവദിക്കുകയും ചെയ്തു. പ്രസ്തുത 2 കോടി രൂപയിൽ 1.38 കോടി രൂപ സർക്കാർ തിരിച്ചെടുത്തു. 2022-23 സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ 125 ലക്ഷം രൂപയിൽ 100 ലക്ഷം രൂപ അനുവദിക്കുകയും ആയത് കമ്പനി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 150 ലക്ഷം രൂപയിൽ 30 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ആയത് കമ്പനി ചെലവഴിച്ചു കൊണ്ടിരിക്കുകയാണ്.

പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി 4.38 കോടി രൂപ 6885-01-190-97 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയിന്മേൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ബി1/235/2022-വ്യവ തീയതി 16.11.2023)

(വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതിയുടെ 22.05.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കാലതാമസ പത്രിക 02.07.2024-ന് സഭയിൽ സമർപ്പിച്ചു)

## 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
## (ഫയൽ നം.11955/സബ്.സി,ബി2/2021/ലെജി)

<u>ശിപാർശ</u>

2853-02-001-97 - <u>ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കൽ</u>

ബഡ്ജറ്റ് വിഹിതം : 62,00,000 രൂപ (പ്ലാൻ)

കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് എന്ന പദ്ധതിയിലൂടെ എൻ .ഐ.സി. മുഖാന്തിരം നടപ്പാക്കുന്ന ഇ -ഗവേണൻസ്

പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനും ഇ -ആഫീസ് നടപ്പിലാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.021 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

മൈനിംഗ് & ജിയോളജി വകുപ്പിന് 2021-22 സാമ്പത്തിക വർഷത്തിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി 2853-02-001-97 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന 62 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2853-02-001-96 - <u>മൈനിംഗ് & ജിയോളജി വകുപ്പിന്റെ ആധുനീകരണം</u>
ബഡ്ജറ്റ് വിഹിതം : 25,00,000 രൂപ (പ്ലാൻ)

മൈനിംഗ് & ജിയോളജി വകുപ്പിന്റെ 14 ജില്ലാ ആഫീസുകളിലും 3 മിനറൽ സ്ക്വാഡുകളിലും ഇ- ആഫീസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സീറ്റിംഗ് അറേഞ്ച്മെന്റ്, ക്യൂബിക്കിൾ നിർമ്മാണം തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

മൈനിംഗ് & ജിയോളജി വകുപ്പിൽ ആധുനീകരണം നടപ്പിലാക്കുന്നതിനായി 2853-02-001-96 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിൽ നിന്നും ടി പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് സമയബന്ധിതമായി ലഭിക്കാത്തതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും 5.83 ലക്ഷം രൂപ മാത്രമാണ് ചെലവായത്. ആയതിനാൽ അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2853-02-102-99-34 - <u>ധാതു അന്വേഷണങ്ങൾ - മറ്റ് ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 40,00,000 രൂപ (പ്ലാൻ)

സംസ്ഥാനത്ത് ധാതുപര്യവേഷണം നടത്തുന്നതിനായി ശേഖരിക്കുന്ന ധാതുക്കളുടെ സാമ്പിളുകളുടെ പരിശോധനയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ

ലഭ്യമാക്കി രാസപരിശോധനശാല ശക്തിപ്പെടുത്തുന്നതിനും രാസപരിശോധനയ്ക്കാവശ്യമായ രാസപദാർത്ഥങ്ങളും ഗ്ലാസ് വെയറുകളും വാങ്ങുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

മൈനിംഗ് & ജിയോളജി വകുപ്പിൽ ധാതുപര്യവേക്ഷണം നടപ്പിലാക്കുന്നതിനായി 2853-02-102-99-34 എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും 2021-22 സാമ്പത്തിക വർഷം 39.45 ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത്. ആയതിനാൽ അധികമായി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

ശിപാർശ

4851-00-102-90 - വ്യവസായ വകുപ്പിലെ ഡയറക്ടറേറ്റ്, ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവയുടെ നവീകരണം

ബഡ്ജറ്റ് വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, 14 ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, 59 താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവയുടെ ഇ-ആഫീസ് സംവിധാനം, കമ്പ്യൂട്ടർ അനുബന്ധ ഉപകാരണങ്ങൾ വാങ്ങൽ , അവയുടെ വാർഷിക മെയിന്റനൻസ് , പഞ്ചിംഗ് സിസ്റ്റം, ആഫീസ് നവീകരണം, SME പോർട്ടൽ എന്നിവയുടെ ചെലവുകൾ നിർവ്വഹിക്കുന്ന മേൽ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം 4851-00-102-90 എന്ന ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് തുക 4 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതാണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നവീകരണത്തിനായാണ് 4851-00-102-90 എന്ന ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്താൻ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തത്. എന്നാൽ ആയതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിക്കാൻ വൈകിയതിനാൽ തൻവർഷം പ്രസ്തുത ശിപാർശയുടെ

അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല . ആയതിനാൽ അധികമായി ശിപാർശ ചെയ്ത തുക വേണ്ടി വന്നില്ല.

(റഫറൻസ് നമ്പർ എ 1/136/2021/വ്യവ തീയതി 25.01.2024)

(വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കിയ 22 മുതൽ 25 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതിയുടെ 22.05.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കാലതാമസ പത്രിക 02.07.2024-ന് സഭയിൽ സമർപ്പിച്ചു)

**2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്**

**(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/ലെജി)**

ശിപാർശ

2851-00-102-29 - പെർമനന്റ് എക്സിബിഷൻ കം മാർക്കറ്റിംഗ് കോംപ്ലക്സ് (കേരള മാർട്ട്)

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ ഒരു സ്ഥിരം പ്രദർശന വിപണന സമുച്ചയം സൃഷ്ടിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ആവിഷ്കരിച്ച കേരള മാർട്ട് പദ്ധതിയ്ക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

കണ്ണൂർ മട്ടന്നൂർ കിൻഫ്ര പാർക്കിൽ, ഇന്റർനാഷണൽ കൺവെൻഷൻ & എക്സിബിഷൻ സെന്റർ (കെ - മാർട്ട് ) സ്ഥാപിക്കുന്നതിന് 2020-21, 2021-22 വർഷങ്ങളിലായി നാളിതുവരെ സർക്കാർ 10 കോടി രൂപ കിൻഫ്രയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് 10 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ 2851-00-102-29(P) എന്ന കണക്ക് ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയിന്മേൽ തുകയൊന്നും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. ടി തുക അനുവദിച്ചു നൽകുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പു വർഷവും തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.

(റഫറൻസ് നമ്പർ IND-B2/71/2020-IND തീയതി 12.10.2023)

(വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതിയുടെ 22.05.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

## 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/ലെജി)

### ശിപാർശ

2853-02-001-97 - ഇ-ഗവേണൻസ് പദ്ധതി - നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 34 ലക്ഷം രൂപ (പ്ലാൻ)

സുതാര്യവും കാര്യക്ഷമവുമായ ധാതു പരിപാലനത്തിനായി കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) എന്ന പദ്ധതിയിലൂടെ മൈനിംഗ് & ജിയോളജി വകുപ്പ് നടപ്പിലാക്കുന്ന ഇ -ഗവേണൻസ് പദ്ധതി പ്രകാരമുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം , ഹാർഡ്‌വെയർ, സെക്യൂരിറ്റി ആഡിറ്റ് എന്നിവയുടെ ചെലവ്, ഓൺലൈനായി മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിക്കുക, ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുക കൂടാതെ കോടതി കേസുകൾ, അപ്പീൽ പെറ്റീഷനുകൾ, അനധികൃത ഖനനം തുടങ്ങിയവ സംബന്ധിച്ച നടപടികളുടെ കമ്പ്യൂട്ടറൈസേഷൻ, വകുപ്പ് ആസ്ഥാനത്ത് പൂർണ്ണമായി കമ്പ്യൂട്ടറൈസേഷൻ (ഇ-ഓഫീസ്) എന്നിവയുടെ ചെലവുകൾക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 27 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23 )

### സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിലെ 2853-02-001-97 എന്ന ശീർഷകത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിന് Implimentation of e-Governance ഹെഡിൽ ആകെ 34 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം ഭരണപരമായ കാരണങ്ങളാൽ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 34 ലക്ഷം രൂപയിൽ നിന്നും 28.63 ലക്ഷം രൂപ മാത്രമാണ് ഇ-ഗവേണൻസ് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞത്. ആയതിനാൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല.

(റഫറൻസ് നമ്പർ എ 1/228/2019/വ്യവ തീയതി 18.01.2024)

(വ്യവസായ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതിയുടെ 22.05.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു)

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

ഇല്ല

പി. രാജീവ്,

തിരുവനന്തപുരം,
2025 സെപ്റ്റംബർ, 24

ചെയർപേഴ്സൺ,
സബ്ജക്റ്റ് കമ്മിറ്റി IV.

## അനുബന്ധം

## പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IV

## (വ്യവസായവും ധാതുക്കളും)

## 2024 മേയ് 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2024 മേയ് 22-ാം തീയതി ബുധനാഴ്ച്ച ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ.
2. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ.
3. ശ്രീ. വി. ശശി, എം. എൽ. എ.
4. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം. എൽ. എ.
5. ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ.
6. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1) ശ്രീ. വേണുഗോപാൽ. ആർ., ജോയിന്റ് സെക്രട്ടറി
2) ശ്രീമതി ജയശ്രീ.എം., ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1) ശ്രീമതി ആനി ജൂല തോമസ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, വ്യവസായ വകുപ്പ്.
2) ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
3) ശ്രീമതി എം. എ. റജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
4) ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5) ശ്രീ. ബിനോദ് . കെ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
6) ശ്രീമതി അജിത. ബി., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
7) ശ്രീ. സിജു ജേക്കബ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്.

8) ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര
9) ശ്രീ. അനിൽ കുമാർ. കെ. എസ്., ഡയറക്ടർ, ഹാൻഡ് ലൂം ആൻഡ് ടെക്സ്റ്റൈൽസ്
10) ശ്രീ. കൃപകുമാർ. കെ. എസ്., അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ്
11) ശ്രീ. രഞ്ജിത്. സി. ഒ., ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ്
12) ശ്രീമതി ബീന. കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
13) ശ്രീ. ബൈജു കുമാർ. എസ്., ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ്
14) ശ്രീ. എം. സി. കിഷോർ, ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്
15) ശ്രീ. ഷബീർ. എം., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ്
16) ശ്രീ. ഇബ്രാഹിം കുഞ്ഞി. കെ., ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്
17) ശ്രീ. സുകേഷ്. ആർ., സ്പെഷ്യൽ ഓഫീസർ, സുരഭി
18) ശ്രീ. സജി ജോസഫ്, മാനേജർ, കിൻഫ്ര
19) ശ്രീ. ഹോബി. വി. ആർ., ജനറൽ മാനേജർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ
20) ഡോ. റ്റി. ഉണ്ണികൃഷ്ണൻ , ജനറൽ മാനേജർ, കിൻഫ്ര
21) ശ്രീ.ബാബു. സി. ബി., ജനറൽ മാനേജർ , കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്
22) ശ്രീ. ജോസ് മോൻ. എം. ഡി., ജനറൽ മാനേജർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

പ്രസ്തുത യോഗത്തിൽ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**I. എസ്.ആർ.ഒ -കൾ**

(1) 2023-ലെ കേരള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഫെസിലിറ്റേഷൻ കൗൺസിൽ ചട്ടങ്ങൾ (എസ്.ആർ.ഒ നം.400/2023)

(ഫ.നം.5546/സബ്.സി.ബി2/2023/നി.സെ)

(2) 2023-ലെ കേരള കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ നം.8/2024)

(ഫ.നം.7176/സബ്.സി.ബി2/2024/ലെജി)

എന്നീ എസ്. ആർ. ഒ-കൾ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

**<u>II നടപടി സ്റ്റേറ്റ്മെന്റ് – പരിഗണന</u>**

1. 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 12256/സബ്.സി.ബി2/2023/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 1-ലെ ശിപാർശയിന്മേൽ വ്യവസായ (ഇ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 11441/സബ്.സി.ബി2/2022/നി.സെ.)

റിപ്പോർട്ടിലെ 16, 47 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (എ), വ്യവസായ (ബി) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 11955/സബ്.സി.ബി2/2021/നി.സെ.)

റിപ്പോർട്ടിലെ 22,23,24,25 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (എ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2020-2021-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 2-ലെ ശിപാർശയിന്മേൽ വ്യവസായ (ബി ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 2019-2020-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക 23-ലെ ശിപാർശയിന്മേൽ വ്യവസായ (എ) വകുപ്പ്

ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകൾക്ക് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച സമിതി , വകുപ്പുകൾ ആവശ്യപ്പെട്ടതനുസരിച്ചാണ് തുക അനുവദിക്കുന്നതെന്നും എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേൽ മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിൽ ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ലെന്നാണ് പരാമർശിച്ചിരിക്കുന്നതെന്നും അപ്രകാരം ചെലവഴിച്ചിട്ടില്ലെങ്കിൽ പിന്നീടുള്ള സാമ്പത്തിക വർഷങ്ങളിൽ കൂടുതൽ തുക ആവശ്യപ്പെട്ടതിന്റെ ആവശ്യകത എന്താണെന്നും , കൂടാതെ അഡീഷണൽ ഓതറൈസേഷൻ/ഫണ്ട് റെഗുലറൈസ് ചെയ്തു ചെലവഴിച്ചിട്ടുണ്ടോ എന്നും വകുപ്പിനോട് ആരാഞ്ഞു. 2022-23 സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത , ആഫീസ് ചെലവുകൾ, മാറ്റിനങ്ങൾ എന്നിവയ്ക്കുവേണ്ടി 8 ലക്ഷം രൂപ ശിപാർശ ചെയ്തതിൽ 4,15,000 രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിൽ പ്രൊവിഷനിൽ പരാമർശിച്ചിട്ടുള്ളതിൽ പലതും ചെലവഴിച്ചിട്ടില്ലെന്നും, ഇ-ഗവേണൻസ് പദ്ധതി പ്രകാരമുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റിനുവേണ്ടി തുക ആവശ്യപ്പെട്ടെങ്കിലും പിന്നീട് സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്യാൻ കഴിഞ്ഞില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. നിലവിൽ കേരള ഓൺലൈൻ മൈനിംഗ് പെർമിറ്റ് അവാർഡിംഗ് സർവ്വീസസ് (KOMPAS) എന്ന പദ്ധതിയിലൂടെ എൻ. ഐ. സി മുഖാന്തരം നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതി പ്രകാരമുള്ള സോഫ്റ്റ്‌വെയർ നിർമ്മാണമാണെന്നും ഈ വർഷം KOMPAS-ന് 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകാനായി വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെന്നും അഡീഷണൽ ഓതറൈസേഷൻ ഫണ്ട് POL ഇനത്തിൽ റെഗുലറൈസ് ചെയ്തു ചെലവഴിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ആവശ്യപ്പെട്ട തുക ചെലവഴിക്കുന്ന കാര്യത്തിൽ വകുപ്പുകൾക്ക് കൃത്യമായ നിലപാടുണ്ടാകണമെന്ന സമിതി കർശന നിർദ്ദേശം നൽകുകയും ചെയ്തു.

## III. 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രികൾ.

കയർ വികസന വകുപ്പ് (2020-21, 2021-22, 2022-23), മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് (2021-22), കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ (2021-22), കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (2022-23),

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ (2022-23), കരകൗശല വികസന കോർപ്പറേഷൻ (2022-23), കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് (2022-23), കെൽപാം (2022-23), സുരഭി (2022-23), കിൻഫ്ര (2022-23) എന്നീ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഒന്നോ രണ്ടോ ഓഫീസുകൾ മാത്രം കീഴിലുള്ള ചെറിയ സ്ഥാപനങ്ങൾപോലും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നുണ്ടെന്നും സാമ്പത്തിക വർഷം കഴിഞ്ഞ് 4 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുകയാണെങ്കിൽ കാലതാമസപത്രികയുടെ ആവശ്യകത ഉണ്ടാകില്ലെന്നും അഭിപ്രായപ്പെട്ട സമിതി വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ വകുപ്പുകൾക്ക് പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു.

ഉച്ചയ്ക്കു ശേഷം 3.50-ന് യോഗം പിരിഞ്ഞു.

**2024 ജൂലൈ 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2024 ജൂലൈ 2-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം 7.20-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ , ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1.ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ.

2.ശ്രീ. വി. ശശി, എം. എൽ. എ.

3.ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ.

4.ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.

5.ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ. (വീഡിയോ കോൺഫറൻസ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1) ശ്രീ. വേണുഗോപാൽ. ആർ., ജോയിന്റ് സെക്രട്ടറി

2) ശ്രീ. അനിൽ കുമാർ. ബി., ഡെപ്യൂട്ടി സെക്രട്ടറി

3) ശ്രീ. മോഹനൻ. ഒ , അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീമതി ആനി ജൂലാ തോമസ്, ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്
3. ശ്രീ. ഹരികുമാർ. കെ., ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്
4. ശ്രീ. അജിത് കുമാർ. കെ., എക്സിക്യൂട്ടിവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ (ബി. പി. ടി)
5. ശ്രീ. ഗംഗാധരൻ. ടി. ഒ., അഡീഷണൽ ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്
6. ശ്രീ. ബിജു കുമാർ. എസ്., ഡെപ്യൂട്ടി സെക്രട്ടറി, വ്യവസായ വകുപ്പ്
7. ശ്രീ. ഇബ്രാഹിം കുഞ്ഞി. കെ., ഡെപ്യൂട്ടി ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്
8. ശ്രീ. ബിജു മോഹൻ. ആർ., സ്പെഷ്യലിസ്റ്റ്, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ (ബി. പി.ടി )

പ്രസ്തുത യോഗത്തിൽ സമിതി കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയ വിഷയങ്ങൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## I നടപടി സ്റ്റേറ്റ്മെന്റ് – പരിഗണന

1. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 11441/സബ്.സി.ബി2/2022/നി.സെ.)

റിപ്പോർട്ടിലെ 19, 32 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന.

(ഫയൽ നമ്പർ 12256/സബ്.സി.ബി2/2023/നി.സെ.)

റിപ്പോർട്ടിലെ 16-19, 24-27, 34, 38, 44, 47, 48 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വ്യവസായ (ഡി), വ്യവസായ(എ), വ്യവസായ (ഇ), വ്യവസായ(എഫ്) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 38-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി സിഡ്കോ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ, പാപ്പനംകോട് വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിനായി 2023-24

സാമ്പത്തിക വർഷം അധികമായി 2.34 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിട്ടും സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കാത്തത് സംബന്ധിച്ച് സിഡ്കോയോട് വിശദീകരണം ആവശ്യപ്പെടാൻ വകുപ്പിനോട് നിർദ്ദേശിച്ചു.

ആയതിന്, പ്രസ്തുത ആവശ്യത്തിലേയ്ക്കായി 2023-24 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നില്ലായെന്നും എന്നാൽ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തി സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസൽ 29.05.2024-ന് അംഗീകരിച്ചിട്ടുണ്ട് എന്ന വിവരം വകുപ്പ് സമിതിയെ അറിയിച്ചു.

## II. 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം സമർപ്പിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസപത്രിക

2022-23 സാമ്പത്തിക വർഷത്തെ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് യഥാസമയം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## III. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് – പരിഗണ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## IV. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് – പരിഗണ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 7.40-ന് യോഗം പിരിഞ്ഞു.

## 2024 ഒക്ടോബർ 10-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2024 ഒക്ടോബർ 10-ാം തീയതി വ്യാഴാഴ്ച്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ. (ഓൺലൈൻ)
2. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ.
3. ശ്രീ. വി. ശശി, എം. എൽ. എ.
4. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം. എൽ. എ.
5. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1)ശ്രീ. വേണുഗോപാൽ. ആർ., ജോയിന്റ് സെക്രട്ടറി
2)ശ്രീ. അനിൽകുമാർ. ബി., ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. ഒ. മോഹനൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി സുചിത്ര. കെ., സ്പെഷ്യൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. മുഹമ്മദ് കുഞ്ഞി. കെ., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. രാജീവ്. ജി., അഡീഷണൽ ഡയറക്ടർ, വ്യവസായ വകുപ്പ്
5. ശ്രീമതി രജനി. സി., അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

സമിതി, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ -ചെറുകിട -ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർത്തിരിക്കും പ്രകാരം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**1. 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, (ബിൽ നം. 221) സംബന്ധിച്ച്.**

സമിതി, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും

താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

2-ാം ഖണ്ഡം

ബില്ലിൽ നിലവിലെ 2-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

"2. ചില പദപ്രയോഗങ്ങൾക്കു പകരം മറ്റു ചില പദപ്രയോഗങ്ങൾ ചേർക്കൽ.-

1999-ലെ 'കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ (2000-ലെ 5) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക),-

(i) "ഉപനിയമം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അതിനുപകരം "ബൈലോ" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്;

(ii) "വ്യവസായ സംരംഭം" എന്ന പദം എവിടെയെല്ലാം വരുന്നുവോ അതിനുപകരം "വ്യവസായ സ്ഥാപനം" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്.

3-ാം ഖണ്ഡം

ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ അവസാനം "ചേർക്കേണ്ടതാണ്" എന്ന വാക്കിന് പകരം "ചേർക്കേണ്ടതും (എം) ഖണ്ഡം വിട്ടുകളയേണ്ടതുമാണ്" എന്ന വാക്കുകളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

6-ാം ഖണ്ഡം

ബില്ലിലെ 6-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്.

10-ാം ഖണ്ഡം

ബില്ലിലെ 10-ാം ഖണ്ഡത്തിന്റെ (ii)-ാം ഇനം വിട്ടുകളയേണ്ടതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ, ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

**2. 2024-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ (ബിൽ നം. 222) സംബന്ധിച്ച്.**

സമിതി, 2024-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

3-ാം ഖണ്ഡം

ബില്ലിലെ 3-ാം ഖണ്ഡത്തിലെ (ii)-ാം ഇനം പ്രകാരം 6-ാം വകുപ്പിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ആക്റ്റിൽ" എന്ന വാക്കിന് പകരം "ആക്റ്റിൻ " എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ, ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 4.15-ന പിരിഞ്ഞു.

**2025 ഫെബ്രുവരി 13-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2025 ഫെബ്രുവരി 13-ാം തീയതി വ്യാഴാഴ്ച്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 11.45-ന് നിയമസഭാ സമുച്ചയത്തിലെ ‘ 5 ഡി’ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു . പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ.
2. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ.
3. ശ്രീ. വി. ശശി, എം. എൽ. എ.
4. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം. എൽ. എ.
5. ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ.
6. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.
7. ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ.

(വീഡിയോ കോൺഫറൻസിംഗ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1) ശ്രീ. വേണുഗോപാൽ. ആർ., ജോയിന്റ് സെക്രട്ടറി
2) ശ്രീ. അനിൽകുമാർ. ബി., ഡെപ്യൂട്ടി സെക്രട്ടറി
3) ശ്രീ. ഒ. മോഹനൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, KINFRA
4. ശ്രീമതി രജനി. സി., അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

സമിതി, 2024-ലെ കേരള വ്യവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും കൂടാതെ 'കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ)' പ്രകാരം സമിതി യോഗം ചേരുന്നതിനുള്ള വിഷയങ്ങൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**I. THE KERALA INDUSTRIAL INFRASTRUCTURE DEVELOPMENT (AMENDMENT) BILL, 2024 (Bill No.230)**

സമിതി, '2024-ലെ കേരള വ്യവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ' ഖണ്ഡം ഖണ്ഡമായി പരിഗണിയ്ക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

***Enacting Formula***

For the words and symbol "Seventy-fifth", the words and symbol "Seventy-sixth" shall be substituted.

***Clause 1***

In sub-clause (1), for the figure "2024", the figure "2025" shall be substituted.

***Clause 2***

After sub-section (7) proposed to be inserted in section 22 of the principal Act, the following notes shall be inserted, namely:-

"Note-1: For the purpose of this sub-section, the expression "industrial unit" means any industrial unit established by an entrepreneur or allottee under an agreement with the Corporation in the land owned by the Corporation.

Note-2: For the purpose of this sub-section, the expression "undertaking" means any building, plant and machinery or any other assets of the industrial unit established by an entrepreneur or allottee under an agreement with the Corporation in the land owned by the Corporation."

***Clause 3***

In section 30 of the principal Act,-

(i) in sub-section (1) proposed to be amended by sub-clause (i) for the

words and symbol "shall be liable to a fine, as may be prescribed" the words and symbols "shall be liable to a fine, which shall not be less than ten thousand rupees but may extend to fifty thousand rupees, subject to such conditions as may be prescribed" shall be substituted;

(ii) in sub-section (2) proposed to be amended by sub-clause (ii) for the words and symbol "shall be liable to a fine, as may be prescribed" the words and symbols "shall be liable to a fine, which shall not be less than ten thousand rupees but may extend to fifty thousand rupees, subject to such conditions as may be prescribed" shall be substituted.

***Clause 6***

In section 45 of the principal Act, proposed to be amended by clause 6, for the words and symbol "shall be liable to a fine, as may be prescribed" the words and symbols "shall be liable to a fine, which shall not be less than ten thousand rupees but may extend to fifty thousand rupees, subject to such conditions as may be prescribed" shall be substituted.

***Clause 7***

In section 46 of the principal Act, proposed to be amended by clause 7, for the words and symbol " he shall be liable to a fine, as may be prescribed" the words and symbols " he shall be liable to a fine, which shall not be less than ten thousand rupees but may extend to fifty thousand rupees, subject to such conditions as may be prescribed" shall be substituted.

***Clause 8***

In section 47 of the principal Act, proposed to be amended by clause 8, for the words and symbol "he shall be liable to a fine, as may be prescribed" the words and symbols "he shall be liable to a fine, which shall not be less than ten thousand rupees but may extend to fifty thousand rupees, subject to such conditions as may be prescribed" shall be substituted.

***Clause 9***

In section 48 of the principal Act, proposed to be amended by clause 9, for the words and symbol "shall be liable to a fine, as may be prescribed" the words and symbols "shall be liable to a fine, which shall not be less than ten thousand rupees but may extend to fifty thousand rupees, subject to such conditions as may be prescribed" shall be substituted.

## ***Clause 10***

In section 48A proposed to be incorporated by clause 10,-

(i) in the marginal heading the words “of Government” shall be omitted;

(ii) in sub-section (1), for the words “the Government may designate” the words and symbols “the Government may, by notification in the Gazette, designate” shall be substituted;

(iii) in sub-section (3), the words “to be designated by the Government in this behalf” shall be omitted.

ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ, ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ. എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

**II. 'കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ)' പ്രകാരം സമിതി യോഗം ചേരുന്നതിനുള്ള വിഷയങ്ങളുടെ പരിഗണന - സംബന്ധിച്ച്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിയമ നിർമ്മാണത്തിന്റെ പരിശോധനയ്ക്കും കരട് സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളുടെ പരിശോധനയ്ക്കും വേണ്ടിയുള്ള യോഗങ്ങൾ കൂടാതെ ഓരോ സബ്ജക്ട് കമ്മിറ്റിയും, നിയമസഭ സമ്മേളനത്തിലല്ലാതിരിക്കുമ്പോൾ ചട്ടം235(1)(iii)-ലും(v)-ലും പരാമർശിച്ചിട്ടുള്ള വിഷയങ്ങളിൽ ഏതെങ്കിലും ചർച്ച ചെയ്യുന്നതിന് ഓരോ മാസവും ഏറ്റവും കുറഞ്ഞത് ഒരു യോഗം ചേരേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ള-തിനാൽ ആയതുപ്രകാരം ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങൾ പഠന വിധേയമാക്കാൻ സമിതി തീരുമാനിച്ചു.

(1) സംസ്ഥാനത്തെ ആഗോള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ. ഐ) ഹബ്ബാക്കി മാറ്റുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലെ സാധ്യതകൾ.

(2) പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി എന്നീ വ്യവസായ മേഖലകളുടെ പുരോഗതിയ്ക്കായി നടപ്പിലാക്കിയ പദ്ധതികൾ.

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനകൾക്കായുള്ള സമിതിയുടെ യോഗങ്ങൾ 19-.02.2025, 25.02.2025, 27.02.2025 എന്നീ തീയതികളിൽ ചേരാനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12 മണിയ്ക്ക് പിരിഞ്ഞു.

## 2025 ഫെബ്രുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV, 2025 ഫെബ്രുവരി 18-ാം തീയതി ചൊവ്വാഴ്ച്ച ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി ചെയർപേഴ്സൺ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

### ഹാജരായ അംഗങ്ങൾ

1. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ
2. ശ്രീ. കോവൂർ കുഞ്ഞുമോൻ ,എം. എൽ. എ
3. ശ്രീ. വി. ശശി ,എം. എൽ. എ
4. ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)
5. ശ്രീ. കെ.ബാബു (നെന്മാറ), എം. എൽ. എ(വീഡിയോ കോൺഫറൻസിംഗ് മുഖേന)
6.ശ്രീ. കെ.എൻ.ഉണ്ണികൃഷ്ണൻ, എം.എൽ.എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)
7.ശ്രീ. പി. സി. വിഷ്ണുനാഥ്, എം. എൽ. എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)
8.ശ്രീ.സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ(വീഡിയോ കോൺഫറൻസിംഗ് മുഖേന)

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽകുമാർ. ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ. ഒ, അണ്ടർ സെക്രട്ടറി

### ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി റെജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. നെൽസൺ. ജെ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീ. മിർ മുഹമ്മദ് അലി, ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
4. ശ്രീ. അനിൽ കുമാർ. കെ.എസ്., ഡയറക്ടർ, ഹാന്റ് ലൂം & ടെക്സ്റ്റൈൽസ് വകുപ്പ്
5. ശ്രീ. ഗംഗാധരൻ. റ്റി. ഒ., ഡയറക്ടർ-ഇൻ -ചാർജ്, കയർ വികസന വകുപ്പ്
6. ശ്രീ. രാജീവ്. ജി., അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
7. ഡോ. കെ. എ. രതീഷ്, സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്
8. ശ്രീ. സിജു ജേക്കബ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
9. ശ്രീ. ജയകുമാർ. സി. എസ്., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

10. ശ്രീമതി സിമി. സി. എസ്., ജോയിന്റ് ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
11. ശ്രീ. നിഷാന്ത്. എസ്., ഡെപ്യൂട്ടി ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
12. ശ്രീ. വിനോദ്. എൽ., ഡെപ്യൂട്ടി രജിസ്ട്രാർ, കയർ വികസന വകുപ്പ്
13. ശ്രീ. മനു വിശ്വനാഥ്, ഡെപ്യൂട്ടി രജിസ്ട്രാർ, വ്യവസായ വാണിജ്യ വകുപ്പ്
14. ശ്രീ. മനോജ്കുമാർ .ഇ. എസ്., അസിസ്റ്റന്റ് ഡയറക്ടർ, ഹാന്റ് ലൂം ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ്

2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്, കയർ വികസന വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

## വ്യവസായ വാണിജ്യ വകുപ്പ്

4851-00-101-86 - സൂക്ഷ്മ/ചെറുകിട/വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

ബഡ്ജറ്റ് വിഹിതം: 18 കോടി രൂപ(പ്ലാൻ)

വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു.

4851-00-102-89 - വിവിധോദ്ദേശ്യ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം: 4.75 കോടി രൂപ(പ്ലാൻ)

പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പി.പി.പി മാതൃകയിൽ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിവിധ പരമ്പരാഗത വിപണികളുടെ പരിവർത്തനം കണക്കിലെടുത്തുകൊണ്ട് ബിസിനസ് മാതൃകകൾ വികസിപ്പിക്കുന്നതിനുമായി ലക്ഷ്യമിടുന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആലപ്പുഴയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിൽ വ്യാപാര പ്രോത്സാഹന കേന്ദ്രങ്ങളും ജില്ല വ്യവസായ കേന്ദ്ര കെട്ടിടവും ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു.

2851-00-101-89 – വ്യവസായ പ്രദേശം/പാർക്കുകളിൽ സംരംഭകർക്ക് ഭൂമി നിക്ഷേപ വിലയുടെ പലിശ ധനസഹായം

ബഡ്ജറ്റ് വിഹിതം: 1 കോടി രൂപ (പ്ലാൻ)

സർക്കാർ വ്യാവസായിക എസ്റ്റേറ്റുകളിലും/പാർക്കുകളിലും പുതിയ സംരംഭകരെ ആകർഷിച്ചുകൊണ്ട് കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനോടൊപ്പം നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയിൻ കീഴിൽ സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥയ്ക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പുതിയ സംരംഭം ആരംഭിക്കുന്നതിനായി മുന്നോട്ട് വരുന്ന നിക്ഷേപകന് ഭൂമിയുടെ നിക്ഷേപ ചെലവിന്റെ ഒരു ഭാഗത്തിന്റെ പലിശ ഭാരം നിശ്ചിത കാലയളവിലേക്ക് വ്യവസായ ഏജൻസികൾക്ക നൽകി അവരിൽ നിന്നും വ്യാവസായിക ഭൂമി ലഭ്യമാക്കുക എന്ന ആവശ്യത്തിലേയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2851-00-102-84-01-33 – സംരംഭക സഹായ പദ്ധതി/സംസ്ഥാന നിക്ഷേപ പദ്ധതി – സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 80 കോടി രൂപ (പ്ലാൻ)

വകുപ്പിന്റെ സുപ്രധാന ഫ്ലാഗ്ഷിപ്പ് പദ്ധതിയായ സംരംഭക സഹായ പദ്ധതി പ്രകാരം എം. എസ് .എം. ഇ വിഭാഗത്തിൽ അപേക്ഷകരുടെ എണ്ണം ഉയർന്നിട്ടുള്ളതിനാലും 2023-24 സാമ്പത്തികവർഷം മുതലുള്ള അപേക്ഷകർക്ക് പൂർണ്ണമായി തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാലും 2025-26 സാമ്പത്തിക വർഷം പാസാകുന്ന അപേക്ഷകൾ കൂടി പരിഗണിക്കേണ്ടതുള്ളതിനാലും പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2852-08-600-79 - നഷ്ടപ്പെട്ട ഉപജീവനം പുനഃസൃഷ്ടിക്കുന്നതിന് ചെറിയ , ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

പ്രവർത്തന മൂലധനത്തിനും നവീകരണത്തിനുമായുള്ള വായ്പകൾക്ക് പലിശ ഇളവ്, മൂലധന ഗ്രാന്റ് എന്നീ രീതികളിൽ സഹായം നൽകികൊണ്ട് ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2852-08-600-75 - സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ്

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

കേരളത്തിലെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കു -

ന്നതിനായി വായ്പാ സബ്സിഡികൾ, പ്രോത്സാഹന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ കശുവണ്ടി തൊഴിലാളികൾക്ക് തൊഴിലും മാന്യമായ വേതനവും ഉറപ്പാക്കുന്നതിനും ആരോഗ്യകരവും സ്ത്രീ സൗഹൃദവുമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2851-00-102-17(02) - <u>പ്രധാനമന്ത്രി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ സംരംഭക സ്കീം (60% സി. എസ് .എസ് ) - സംസ്ഥാന വിഹിതം</u>

ബഡ്ജറ്റ് വിഹിതം: 8 കോടിരൂപ (പ്ലാൻ)

ആത്മ നിർഭർ ഭാരത് അഭിയാന്റെ ഭാഗമായി വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ PMFME പദ്ധതി മുഖേന ഭക്ഷ്യ സംസ്കരണ മേഖലയിലെ ചെറുകിട സംരംഭങ്ങളുടെ വിപുലീകരണം നടത്തുന്ന - തിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയി- രിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 28 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു.

2407-60-001-99 - <u>പ്ലാന്റേഷൻ ഡയറക്ടറേറ്റ്</u>

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ സമഗ്ര വികസനത്തിനായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർ ഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

## <u>കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

2851-00-105-95-10 – <u>കേരള ഖാദി തൊഴിലാളി ക്ഷേമനിധി - സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യതുക സർക്കാർ അംശദായമായും കൂടാതെ നിധിയിൽ നിന്നും അവശത /കുടുംബ പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകേണ്ടതുണ്ട് . ഈ ഇനത്തിൽ നാളിതുവരെ സർക്കാർ വിഹിതമായി 14.6135050 കോടി രൂപ കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 14.6135050 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

## <u>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്</u>

2851-00-105-66(03) - <u>ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവത്ക്കരിക്കൽ</u>

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

ഖാദി ബോർഡിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായും അതിന്റെ പരിപാലനത്തിനായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2851-00-105-87 - ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കംപ്യൂട്ടർ വത്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ (പ്ലാൻ)

ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള വില്പനശാലകളുടെയും ഖാദി ഗ്രാമസൗഭാഗ്യയുടെയും സംഭരണ ശാലകളുടെയും നവീകരണവും ആധുനികവൽക്കരണവും, പുതിയ വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മൊബൈൽ സെയിൽസ് വാൻ വാങ്ങൽ, പ്രധാന ഗ്രാമസൗഭാഗ്യകളുടെ നവീകരണം, നിലവിലുള്ള ഗോഡൗണുകളുടെ നവീകരണവും ആധുനികവൽക്കരണവും പുതിയ പ്രൊജക്റ്റ് ഗോഡൗൺ സ്ഥാപിക്കൽ, പുതിയ ഖാദി ഗ്രാമ സൗഭാഗ്യ സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർ വിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 80 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2851-00-105-86 - മറ്റു ഖാദി സ്ഥാപനങ്ങൾക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

ഖാദി മേഖലയിലെ സഹകരണ സംഘങ്ങളുടെയും മറ്റു ഖാദി സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം . പുതിയ തൊഴിലാളികൾക്കുള്ള ട്രെയിനിംഗ് ഖാദി സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും നവീകരണം, സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മൂലധനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാങ്കേതിക വിദ്യ നവീകരിക്കൽ, പ്രീ ലൂം പ്രോസസ്സിംഗ് , സ്പിന്നിംഗ് , വീവിംഗ് , വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ, സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2851-00-105-85 - പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

ബഡ്ജറ്റ് വിഹിതം :2.80 കോടി രൂപ (പ്ലാൻ)

പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവ നൽകുക മുതലായ ലക്ഷ്യങ്ങളോടെ ആരംഭിച്ച ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2.80 കോടി രൂപ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2851-00-105-64 - <u>ഖാദി സിൽക്ക് വീവിംഗ് പ്രൊജക്ക്</u>

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിലുള്ള നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, സാങ്കേതിക നവീകരണം, പട്ടുൽപ്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

2851-00-105-66-(04) - <u>ഖാദി ഗ്രാമ വ്യവസായ വികസനം - തേനീച്ച വളർത്തൽ വ്യവസായ വികസനം.</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

തേനിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി തേനീച്ച കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുക, തേനീച്ചയോടുകൂടിയ മേൽത്തരം തേനീച്ച പെട്ടികൾ സബ്സിഡി നിരക്കിൽ നൽകുക, തേൻ വിൽപ്പനയ്ക്കായി പുതിയ പൗച്ച് മേക്കിംഗ് മെഷീൻ വാങ്ങൽ എന്നിവ ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിയ്ക്കായി ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു .

2851-00-195-94 - <u>പീഡിതവും പ്രവർത്തന രഹിതവുമായ ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെയും ചാരിറ്റബിൾ സ്ഥാപനങ്ങളുടെയും പുനരുദ്ധാരണം.</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും എന്നാൽ നിലവിൽ പ്രവർത്തന രഹിതവും ശോച്യാവസ്ഥയിലുള്ളതുമായ 33 ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനവും അതിലൂടെ ഗ്രാമ വ്യവസായ ഉത്പന്നങ്ങളുടെ ഉത്പാദനവും പുതിയ തൊഴിലവസരങ്ങളും ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ ശീർഷകം 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ല ആയതിനാൽ പ്രസ്തുത ശീർഷകം പുനഃസ്ഥാപിക്കണമെന്നും പദ്ധതിയുടെ നടത്തിപ്പിനായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.50 കോടി രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു .

2851-00-105-99-31 – <u>കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഭരണപരമായ ചെലവുകൾ സഹായധനം - ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 47.8559 കോടി രൂപ (നോൺ പ്ലാൻ)

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ ശമ്പളപരിഷ്കരണ കുടിശ്ശികയും പെൻഷൻ കുടിശ്ശികയും വിരമിക്കൽ ആനുകൂല്യങ്ങളും നൽകുന്നതിനായി ബഡ്ജറ്റിൽ

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 152.2064 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2851-00-105-96-33 - <u>കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് - സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 15 കോടി രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്ത് ഖാദി വില്പനയ്ക്ക് റിബേറ്റ് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ സമിതി തീരുമാനിച്ചു .

## <u>കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്</u>

2851-00-103-38 – <u>നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ (പ്ലാൻ)

സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർ /നൂൽ ചുറ്റുന്നവർ എന്നിവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന ഈ പദ്ധതിയിൽ വസ്ത്രങ്ങളുടെ ഓരോ അധിക മീറ്ററിനും ഇരട്ടി വേതനവും പരമാവധി 1000 രൂപ ധനസഹായവും നൽകുന്നതിനോടൊപ്പം സ്ട്രീറ്റ് വാർപ്പിംഗ് പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിഗത അനുബന്ധ തൊഴിലാളികൾക്കും/കൈത്തറി കൺസോർഷ്യങ്ങൾക്കും ആനുകൂല്യങ്ങൾ വിപുലീക്കേണ്ടതുള്ളതിനാലും ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ സമിതി തീരുമാനിച്ചു .

2851-00-103-37 – <u>കൈത്തറി ഗ്രാമം, സംയോജിത കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ</u>

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് കൈത്തറി ഗ്രാമം സ്ഥാപിക്കുന്ന- തുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം യന്ത്രസാമഗ്രികളും ഉൽപ്പന്നങ്ങളും വാങ്ങുന്നതിലേയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തി - യിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ സമിതി തീരുമാനിച്ചു .

2851-00-103-74 - <u>പരിശീലനവും വികസനവും</u>

ബഡ്ജറ്റ് വിഹിതം : 3.20 കോടി രൂപ (പ്ലാൻ)

ഹാൻഡ്ലൂം വിദഗ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പരിശീലനം , വകുപ്പ്

ഉദ്യോഗസ്ഥർക്കുള്ള ഓറിയന്റേഷൻ പരിശീലനം , ഡയറക്ടറേറ്റ് , ജില്ലാ വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിലെ ഐ .ടി ഉപകരണങ്ങളുടെ അപ്ഗ്രഡേഷൻ , മെയിന്റനൻസ് , കണ്ണൂരിലെ ഐ. ഐ .എച്ച് . ടി-യ്ക്കുള്ള ഗ്രാന്റ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ സമിതി തീരുമാനിച്ചു .

2851-00-103-24 - <u>നാട്ടുകാണിയിലെ ടെക്സ്റ്റൈൽസ് പ്രോസസിംഗ് സെന്റർ</u>

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

നാട്ടുകാണിയിലെ ടെക്സ്റ്റൈൽസ് പ്രോസസിംഗ് സെന്ററിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള സൊസൈറ്റികളിൽ നിന്ന് ഉൽപ്പന്നങ്ങൾ സംഭരിക്കുകയും തിരികെ സൊസൈറ്റികൾക്ക് എത്തിക്കുന്നതിനുമുള്ള ഗതാഗത ചെലവുകൾക്കും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്ത -മാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു ..

2851-00-103-23 - <u>കാഞ്ഞിരോട് കൈത്തറി ഗ്രാമം/ഹാന്റ് ലൂം വില്ലേജ്</u>

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

കണ്ണൂരിലെ കാഞ്ഞിരോട് സമഗ്ര കൈത്തറി ഗ്രാമം സ്ഥാപിക്കുക എന്ന പദ്ധതി ആരംഭിക്കുന്നതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്ത -മാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

## <u>കയർ വികസന വകുപ്പ്</u>

2851-00-106-92(02) - <u>വിപണന വികസന പദ്ധതി (50% കേന്ദ്ര സഹായ പദ്ധതി)</u> - <u>സംസ്ഥാന വിഹിതം</u>

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

കയർ സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കയർ ഉൽപ്പന്നങ്ങളുടെ സുസ്ഥിരമായ ഉൽപ്പാദനം, തൊഴിലുറപ്പ് പ്രോത്സാഹിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം , പുനരുദ്ധാരണം, പുതിയ വിപണന തന്ത്രം ആവിഷ്ക്കരിക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2851-00-106-34 - <u>വില വ്യതിയാന നിധി</u>

ബഡ്ജറ്റ് വിഹിതം : 38 കോടി രൂപ (പ്ലാൻ)

കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രസ്തുത പദ്ധതിയിൻ കീഴിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും എന്നാൽ അർഹമായ തുക മുഴുവനും കൈപ്പറ്റാതെ സഹകരണ സംഘങ്ങൾക്ക് ആധുനികവൽക്കരണത്തിനും വൈവിധ്യവത്ക-രണത്തിനുമുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ സഹായം നൽകുന്നതിനും കയർ വില പുനർനിർണ്ണയിച്ചതിലൂടെ ക്രയവില വ്യതിയാന ഫണ്ടിലെ കയർ ഫെഡിന്റെ ക്ലെയിമുകൾ വർദ്ധിച്ചതിനാലും മുൻ വർഷങ്ങളിലെ കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

യോഗം ഉച്ചയ്ക്കുശേഷം 2.40-ന് പിരിഞ്ഞു.

**<u>2025 ഫെബ്രുവരി 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>**

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2025 ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ
2. ശ്രീ. വി. ശശി, എം. എൽ. എ
3. ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ, എം. എൽ. എ
   (വീഡിയോ കോൺഫറൻസിംഗ് മുഖേന)
4. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം. എൽ. എ
   (വീഡിയോ കോൺഫറൻസിംഗ് മുഖേന)
5. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ
   (വീഡിയോ കോൺഫറൻസിംഗ് മുഖേന)

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീ. വേണുഗോപാൽ. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽകുമാർ. ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ. ഒ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. മിർ മുഹമ്മദ് അലി.,ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
2. ശ്രീമതി ഹരിത. വി. കുമാർ, ഡയറക്ടർ, മൈനിങ് ആൻഡ് ജിയോളജി വകുപ്പ്
3. ശ്രീ. വിനോദൻ. ടി. പി., അഡീഷണൽ ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്
4. ശ്രീമതി എം. എ. റെജീന ബീഗം, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീമതി അജിത. ബി., അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
6. ശ്രീമതി ലതാകുമാരി. എം. ബി., അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
7. ശ്രീ. സിജു ജേക്കബ്, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
8. ശ്രീ. ജയകുമാർ. സി. എസ്., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്
9. ശ്രീമതി ജയലക്ഷ്മി. ടി.എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീ. എ. അലക്സാണ്ടർ, ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ്
11. ശ്രീ. സുനിൽ ജോൺ. കെ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
12. ശ്രീ. വി. എസ്. രാജീവ്., മാനേജിംഗ് ഡയറക്ടർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്
13. ശ്രീ. ലക്ഷ്മിനാരായണൻ. കെ., മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
14. ശ്രീ. സന്തോഷ് കുമാർ .എം. പി., മാനേജിംഗ് ഡയറക്ടർ, കാപ്പെക്സ്
15. ശ്രീ. ചന്ദ്രബോസ്. ജെ., മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
16. ശ്രീ. കെ. ജി. കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്
17. ശ്രീമതി ശ്യാമള. എസ്., മാനേജിംഗ് ഡയറക്ടർ, കേരള സെറാമിക്സ് ലിമിറ്റഡ്
18. ശ്രീ. ശ്രീകുമാർ നായർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ
19. ശ്രീ. വി. എസ്. സുലോചനൻ, ചെയർമാൻ, കേരള സംസ്ഥാന കരകൗശല അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി)
20. ശ്രീ. എസ്. രവിശങ്കർ, മാനേജിംഗ് ഡയറക്ടർ,കേരള ആട്ടോകാസ്റ്റ് ലിമിറ്റഡ്
21. ശ്രീ. ശിരിഷ്. കെ., സ്പെഷ്യൽ ഓഫീസർ കം ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി

22. ശ്രീ.ജോസ് മോൻ. എം. ഡി., ജനറൽ മാനേജർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ
എന്റർപ്രൈസസ് ലിമിറ്റഡ്
23. ഡോ. പ്രവീൺ. കെ. എസ്., സി. ഇ. ഒ, കേരള ലൈഫ് സയൻസസ്
ഇൻഡസ്ട്രീസ്
പാർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്
24. ശ്രീ. ഹോബി. വി. ആർ., ജനറൽ മാനേജർ,
കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്
25. ശ്രീ. ജെറി ജോസ്, സീനിയർ മാനേജർ, കേരള ലൈഫ് സയൻസസ്
ഇൻഡസ്ട്രീസ്
പാർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്
26. ശ്രീമതി സിതാര. എസ്., ലീഗൽ ഓഫീസർ, കേരള ലൈഫ് സയൻസസ്
ഇൻഡസ്ട്രീസ് പാർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്
27. ശ്രീ. അജയകുമാർ. സി. പി., ഡി.ജി.എം. ഇൻ -ചാർജ് & ഹെഡ്, കെൽട്രോൺ
28. ശ്രീ. വിനോദ്. ആർ., ഡി. ജി. എം, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്
ലിമിറ്റഡ്
29. ശ്രീമതി സ്വയംപ്രഭ, സീനിയർ മാനേജർ,
യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
30. ശ്രീ. രാജ. എസ്. പിള്ള, ഫിനാൻസ് മാനേജർ & കമ്പനി സെക്രട്ടറി,
കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
31. ശ്രീ. അനിൽ ജോൺ, ഫിനാൻസ് മാനേജർ, ആട്ടോകാസ്റ്റ് ലിമിറ്റഡ്
32. ശ്രീ. ശിവപ്രസാദ്. കെ. എം., സി. എഫ്. ഒ,
ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
33. ശ്രീ. അജയകുമാർ. പി.റ്റി., ഫിനാൻസ് മാനേജർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
34. ശ്രീ. അനൂപ്. വി. എൽ., സിസ്റ്റം മാനേജർ, കേരള ഓട്ടോമൊബൈൽഡ്
ലിമിറ്റഡ്
35. ശ്രീ. സജിത് കുമാർ, വർക്ക്സ് മാനേജർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
36. ശ്രീ. സന്തോഷ്. വി. എസ്., ഗ്രൂപ്പ് ഹെഡ്,
കേരള സ്റ്റേറ്റ് ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്
(കെൽ)
37. ശ്രീ. സതീഷ് കുമാർ. പി., മെമ്പർ സെക്രട്ടറി,
ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ
38. ശ്രീ. സന്തോഷ് കുമാർ.പി. കൊമേഴ്സ്യൽ മാനേജർ, കാപ്പെക്സ്

സമിതി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII -ന്റെ പരിധിയിൽ വരുന്ന മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് , പൊതുമേഖലാ വ്യവസായങ്ങൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**മൈനിംഗ് & ജിയോളജി വകുപ്പ്**

2853-02-001-97 - ഇ - ഗവേണൻസ് പദ്ധതി നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്തെ ധാതു പര്യവേഷണ രംഗത്ത് കാര്യക്ഷമതയും സുതാര്യതയും കൊണ്ടുവരുന്നതിനുള്ള മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ നിലവിലുള്ള ഇ-ഗവേണൻസ് സംവിധാനമായ KOMPAS പോർട്ടലിന്റെ ന്യൂനതകൾ പരിഹരിച്ച് KOMPAS 2.0 ആയി മാറ്റുന്നതിലേയ്ക്കും ഡ്രോൺ ലിഡാർ സർവ്വേയ്ക്കും KSWAN കണക്ഷനുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിലേയ്ക്കും വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും ജില്ലാ ഓഫീസുകളിലും പുതുതായി UPS സ്ഥാപിക്കുക, സെക്യൂരിറ്റി ഓഡിറ്റിംഗ്, സോഫ്റ്റ്‌വെയർ ഹാർഡ്‌വെയർ ഉപകരണങ്ങൾക്കുള്ള AMC എന്നിവയ്ക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു.

2853-02-001-98-97 - ജില്ലാഘടകങ്ങളുടെ രൂപീകരണം - വാഹനങ്ങളുടെ വാടക

ബഡ്ജറ്റ് വിഹിതം : 93 ലക്ഷം രൂപ (പ്ലാൻ)

ധാതുനിക്ഷേപം കണ്ടെത്തുന്നതിനായുള്ള സ്ഥലപരിശോധന, ധാതു കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവയ്ക്കായി മൈനിംഗ് & ജിയോളജി വകുപ്പ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ വാടകയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

**പൊതുമേഖലാ വ്യവസായങ്ങൾ**

2852-08-600-82 – കശുവണ്ടി വികസന കോർപ്പറേഷൻ - ബ്രാൻഡ് പ്രൊമോഷൻ

ബഡ്ജറ്റ് വിഹിതം : 1.4 കോടി രൂപ (പ്ലാൻ)

4860-60-190-94 – കെ.എസ് . സി.ഡി.സിയുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

ബഡ്ജറ്റ് വിഹിതം : 1.65 കോടി രൂപ (പ്ലാൻ)

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ & അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായവില നൽകി ഏറ്റെടുക്കുന്നതിന് ആവശ്യമായ 62.05 കോടി രൂപയും 2022 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനാവശ്യമായ 8 കോടി രൂപയും ഉൾപ്പെടെ 70.05 കോടി രൂപ ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 70.05 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

6860-60-190-78 - <u>കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 41 കോടി രൂപ (പ്ലാൻ)

കേരള കശുവണ്ടി ബോർഡിന്റെ വായ്പ തിരിച്ചടവ് സുഗമമാക്കുന്നതിനും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തന മൂലധനത്തിനും പ്രതിവർഷം തൊഴിലാളികൾക്ക് 156 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 39 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2852-08-600-81 - <u>ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും (കാപ്പെക്സ്)</u>

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (പ്ലാൻ)

4851-00-195-99 - <u>കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 2.7 കോടി രൂപ (പ്ലാൻ)

കാപ്പെക്സിന്റെ 10 ഫാക്ടറികൾ, പായ്ക്കിംഗ് സെന്റർ എന്നിവിടങ്ങളിൽ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 2021 മുതൽ 2024 വരെയുള്ള കാലയളവിൽ വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി, മുൻ ഉടമയുടെ കാലത്തുള്ള വിവിധ കോടതി ഉത്തരവുകൾ പ്രകാരമുള്ള ഗ്രാറ്റുവിറ്റി എന്നിവ നൽകുന്നതിനും ആംനെസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുമായി 23.5 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകങ്ങളിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയുവാൻ തീരുമാനിച്ചു .

2852-08-600-90 - ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 6.31 കോടി രൂപ (പ്ലാൻ)

സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപനം ത്വരിതപ്പെടുത്തുന്നതിനായി കശുമാവ് കൃഷിയുടെ പ്രാധാന്യം കർഷകരിലേയ്ക്ക് എത്തിയ്ക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് കർഷക കൂട്ടായ്മ രൂപീകരണവും കശുവണ്ടി സംഭരണവും ലക്ഷ്യമിടുന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു ..

4885-60-190-92 - കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ്.

ബഡ്ജറ്റ് വിഹിതം : 37.92 കോടി രൂപ (പ്ലാൻ)

കേരളത്തിലെ ആദ്യത്തേതും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് കീഴിൽ വരുന്നതുമായ ബയോ 360 ലൈഫ് സയൻസസ് പാർക്കിന്റെ നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായും ലാൻഡ് അക്വിസിഷനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 61.02 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

ബയോ 360 ലൈഫ് സയൻസസ് പാർക്കിന്റെ കീഴിൽ വരുന്ന മെഡിക്കൽ ഡിവൈസസ് പാർക്കിന്റെ നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 80.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

4860-60-190-90 - കേരള റബ്ബർ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

കേരള റബ്ബർ ലിമിറ്റഡിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി വ്യവസായ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

4851-00-104-99 - കരകൗശല മേഖലയിലുള്ള അപ്പക്സ് ഓർഗനൈസേഷനുകൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

സുരഭി ഉൾപ്പെടെയുള്ള നാലു സംസ്ഥാനതല സ്ഥാപനങ്ങൾക്കാണ് ബഡ്ജറ്റ് വിഹിതം അനുവദിച്ചിരിക്കുന്നതെന്നും സുരഭിയുടെ സാമ്പത്തിക പ്രതിസന്ധികൾ കാരണം റവന്യൂ റിക്കവറി നടപടികളെ തുടർന്ന് പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടലിന്റെ വക്കിൽ എത്തി നിൽക്കുകയാണെന്നും വിലയിരുത്തിയ സമിതി അടിയന്തര സഹായമെന്ന നിലയിൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

6853-60-190-97 - ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 19.69 കോടി രൂപ (പ്ലാൻ)

ടൈറ്റാനിയം ഡയോക്സൈഡിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, ഇന്ധന പരിവർത്തനം നടത്തുന്നതിനും ജലശുദ്ധീകരണ പ്ലാന്റ് , വായു മലിനീകരണ നിയന്ത്രണ പ്ലാന്റ്, മെറ്റീരിയൽ ഹാൻഡ്‌ലിംഗ് യൂണിറ്റ് , ഇൽമനൈറ്റ് ഗ്രൈൻഡിങ് മിൽ, കോട്ടഡ് റൂട്ടൽ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 18.51 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

4859-02-004-89 - ഇലക്ട്രോണിക് ഹാർഡ് വെയർ ടെക്നോളജി ഹബ്

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

2025-26 സാമ്പത്തിക വർഷം കെൽട്രോണിന്റെ ഫ്ലാഗ്ഷിപ്പ് പ്രോജക്ടായി പ്രഖ്യാപിച്ചിട്ടുള്ള ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റ് ഫെസിലിറ്റി പദ്ധതിയ്ക്കായും പവർ സെമി കണ്ടക്ടർ പാക്കേജിങ് ഫെസിലിറ്റി പദ്ധതിയ്ക്കുള്ള CAPEX നിക്ഷേപത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 51.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

4885-01-190-95 - കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

കെൽട്രോൺ കംപോണന്റ്സ് കോംപ്ലക്സ് ലിമിറ്റഡിൽ സൂപ്പർ കപ്പാസിറ്റർ , KVAR കപ്പാസിറ്റർ, MPP മോട്ടോർ സ്റ്റാർ കപ്പാസിറ്റർ, റസിസ്റ്റർ എന്നിവയുടെ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലേയ്ക്കും, കപ്പാസിറ്റർ ഉല്പാദന കേന്ദ്രത്തിന്റെ വികസനവും നവീകരണവും പദ്ധതിയ്ക്കായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

6858-60-190-89 - ഓട്ടോക്കാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ

ബഡ്ജറ്റ് വിഹിതം : 7.45 കോടി രൂപ (പ്ലാൻ)

ഓട്ടോകാസ്റ്റിന്റെ സമഗ്ര നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ഹ്രസ്വകാല പദ്ധതികൾ പൂർത്തിയാക്കു-ന്നതിനും കൂടാതെ രണ്ടു മെഗാ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും ആധുനികവൽക്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

6858-02-190-94 - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 14 ലക്ഷം രൂപ (പ്ലാൻ)

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ ആധുനിക വത്കരണത്തിന്റെ ഭാഗമായി 2 ടൺ ഓപ്പൺ ഹാമ്മർ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

6858-03-190-99 - കേരള ആട്ടോമൊബൈയിൽസ് ലിമിറ്റഡ് ത്രീവീലർ പ്രോജക്ട്

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഇ - റിക്ഷ, ഇ - പിക്കപ്പ് വാൻ, ഇ - ടിപ്പർ മുതലായ വിവിധയിനം വാഹനങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഉത്പാദിപ്പിക്കുന്നതിനും ടൈ സ്കൂട്ടർ , സി.എൻ.ജി ഓട്ടോ, പിക്കപ്പ്, ടിപ്പർ തുടങ്ങിയവയുടെ പുതിയ മോഡലുകൾ രൂപകൽപന ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത-മാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ

ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

6860-60-190-94 - <u>കേരള സിറാമിക്സ് ലിമിറ്റഡിനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 5.6 കോടി രൂപ (പ്ലാൻ)

കേരള സിറാമിക്സ് ലിമിറ്റഡിൽ ഉത്പാദനശേഷി സ്ഥിരത കൈവരിക്കുന്നതിനും പുതിയ ഖനന ഭൂമി വാങ്ങുന്നതിനും നിലവിലുള്ള ടെസ്റ്റിംഗ് ലാബിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും ആധുനികവൽക്കരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു ..

6858-01-190-94 - <u>യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ</u>

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

കമ്പനിയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി 2025-26 സാമ്പത്തിക വർഷം പുതിയ ഉത്പന്ന ശ്രേണി കണ്ടെത്തി കമ്പനിയുടെ പ്രവർത്തനങ്ങളെ ലാഭത്തിലാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയ്ക്ക് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയുവാൻ തീരുമാനിച്ചു .

4858-60-190-83 - <u>കെ.ഇ.എൽ - ഇ.എം.എൽ -നുള്ള മൂലധന നിക്ഷേപം</u>

<u>(മുൻ ബി.എച്ച്.ഇ.എൽ -ഇ.എം.എൽ )</u>

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

ബി. എച്ച് .ഇ. എൽ – ഇ . എം. എൽ എന്ന സംയുക്ത സംരഭത്തെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയ കെ.ഇ.എൽ - ഇ.എം.എൽ-ന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ മുടങ്ങിയിരിക്കുന്ന ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുന്നതിലേയ്ക്കും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനിയുടെ ഉൽപ്പന്നമായ ആൾട്ടർനേറ്ററുകളുടെ നവീകരണത്തിനായും ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ഓഫീസിൽ ഓട്ടോമേഷൻ മുഖേന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കും ടെസ്റ്റ് ബെഡ് നവീകരിക്കുന്നതിനുമായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 3 കോടി രൂപ

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6860-01-190-95 - കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന് വായ്പകൾ

ബഡ്ജറ്റ് വിഹിതം : 18.86 കോടി രൂപ (പ്ലാൻ)

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷനു കീഴിലുള്ള ഏഴു യൂണിറ്റുകൾക്കുള്ള അഗ്നി ശമന സംവിധാനം, മലബാർ സ്പിന്നിങ് ആൻഡ് വീവിങ് മിൽ നവീകരണം, ബ്ലോറൂം ലൈൻ സംവിധാനം, കോമളപുരം സ്പിന്നിങ് ആൻഡ് വീവിങ് മില്ലിൽ ഉൾപ്പെടെ സൗരോർജ പ്ലാന്റ് സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23.18 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6860-01-190-97 - സീതാറാം ടെക്സ്റ്റൈയിൽസിനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 1.08 കോടി രൂപ (പ്ലാൻ)

മില്ലിന്റെ നിലവിലുള്ള നവീകരണത്തിന്റെ പൂർത്തീകരണം , ആധുനികവത്കരണം പഴയ മെഷീനറികളുടെ അറ്റകുറ്റപണികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6851-00-190-86 - കേരള ബാംബൂ കോർപ്പറേഷനുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

നിലവിലുള്ള പ്ലാന്റ് ആൻഡ് മെഷിനറികളുടെ നവീകരണ പദ്ധതിയുടെ ഡി.പി.ആർ പ്രകാരം പദ്ധതി ചെലവിനായും ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനുള്ള പുതിയ രീതികൾ അവലംബിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

6885-01-190-97 - കേരള സംസ്ഥാന വ്യാവസായിക എന്റർപ്രൈസസ് ലിമിറ്റഡ് - വായ്പകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

വിഴിഞ്ഞത്ത് കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതിയോട് അനുബന്ധിച്ച് ലിക്വിഡ് ഹാൻഡ് വാഷ് സോപ്പ് നിർമ്മാണത്തിനായുള്ള പ്ലാന്റും മെഷിനറിയും സ്ഥാപിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും തുക ലഭ്യമാകാത്തതിനെത്തുടർന്ന് ഒരു കാർട്ടൺപാക്കിംഗ് മെഷീൻ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

2852-80-003-94-04(1) - <u>വ്യാവസായിക സ്ഥിതി വിവരഘടകങ്ങൾ - യാത്രാചെലവുകൾ - യാത്രാബത്ത</u>

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

വാർഷിക വ്യാവസായിക സർവ്വേയുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനായി 14 ജില്ലകളിലുമായി ജോലിചെയ്യുന്ന 15 ജീവനക്കാർക്ക് യാത്രാബത്ത ഇനത്തിൽ 51,307/- രൂപ കുടിശ്ശിക ഉള്ളതായി വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 51,307/- രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു .

യോഗം ഉച്ചയ്ക്കുശേഷം 3.05-ന് പിരിഞ്ഞു

## 2025 ഫെബ്രുവരി 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2025 ഫെബ്രുവരി 27-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

**<u>ഹാജരായ അംഗങ്ങൾ</u>**

1. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം. എൽ. എ
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ

3. ശ്രീ. വി. ശശി, എം. എൽ. എ

4. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ, എം. എൽ. എ

5. ശ്രീ. കെ. ബാബു (നെന്മാറ), എം. എൽ. എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

6. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ,എം. എൽ.എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

**നിയമസഭാ സെക്രട്ടേറിയറ്റ്**

1.ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

2. ശ്രീ. മോഹനൻ. ഒ, അണ്ടർ സെക്രട്ടറി

സമിതി 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും 1 മുതൽ 49 വരെയുള്ള ശിപാർശകൾ ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.